5. ഉല്പന്ന വികസനവും കഴിവുകൾ മെച്ചപ്പെടുത്തലും
6. കലാപരമായ കൈത്തറി ഉല്പന്നങ്ങളുടെ വിപുലീകരണം
7. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ
8. കൈത്തറി അപ്പക്സ് സംഘം നിക്ഷേപണ സഹായങ്ങൾ
9. പ്രാഥമിക കൈത്തറി സംഘങ്ങളിൽ ഓഹരി പങ്കാളിത്തം
10. കൈത്തറി മേഖലയിലെ ഉദ്യമകർത്താക്കൾക്ക് മുഖ്യമന്ത്രി വായ്പകൾ

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ കൈത്തറി മേഖലയിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിശദ വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(സി) കൈത്തറി മേഖലയ്ക്ക് ഈ കാലയളവിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക അതാത് സ്കീമുകളിൽ തന്നെ ചെലവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

26 (180) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളിൽ പ്രതിവർഷം എത്ര ദിനങ്ങളിൽ തൊഴിൽ നൽകുവാൻ സാധ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ :

(ബി) കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു :

(സി) കശുവണ്ടി തൊഴിലാളികളെ പട്ടിണിയിൽനിന്നും ചൂഷണത്തിൽ നിന്നും രക്ഷിക്കാൻ അടിയന്തരമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ?

ഉത്തരം

(എ) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ താഴെപ്പറയുന്നത്ര ദിവസം തൊഴിൽ നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി വികസന കോർപ്പറേഷൻ :

2001-02	-	23 ദിവസം
2002-03	-	ഇല്ല
2003-04	-	18 ദിവസം
2004-05	-	80 ദിവസം
2005-06	-	175 ദിവസം (31-12-2005 വരെ)

കാപ്പെക്സ് :

2000-01	-	17 ദിവസം
2001-02	-	ഇല്ല
2002-03	-	31 ദിവസം
2003-04	-	44 ദിവസം
2004-05	-	175 ദിവസം
2005-06	-	144 ദിവസം

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കുമായി സാമ്പത്തിക പ്രതിസന്ധിയിലായ കോർപ്പറേഷന്റെ ബാങ്കു ബാദ്ധ്യതയായ 107.57 കോടി രൂപ പലിശ സഹിതം 5 വാർഷികം ഗഡുക്കളായി നൽകാൻ സർക്കാർ തലത്തിൽ തീരുമാനിക്കുകയും ഇതിനെത്തുടർന്ന് ബാങ്കുകളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കി ഫാക്ടറികൾ തുറന്ന് തുടർച്ചയായി ജോലി നൽകിവരികയാണ്. ബാങ്കുകൾക്ക് നൽകാനുള്ള തുകയിൽ ഇതിനകം രണ്ടു ഗഡു നൽകിക്കഴിഞ്ഞിട്ടുണ്ട്. കാപ്പെക്സിന് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനായി ഗവൺമെന്റ് ഗ്യാരണ്ടി പുതുക്കി നൽകിയിട്ടുണ്ട്.

(സി) കശുവണ്ടി തൊഴിൽ മംഗത്ത് സർക്കാർ ഇടപെടലിന്റെ ഭാഗമായി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഈ നില മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതാണ്. നിരന്തരമായ എല്ലാ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് നൽകിയാണ് കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ പ്രവർത്തിക്കുന്നത്.

അംഗീകൃത ശില്പികൾക്ക് ചന്ദനത്തടി വിതരണം

27 (181) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കരകൗശല ശില്പങ്ങൾ നിർമ്മിക്കുന്ന എത്രപേരുണ്ട്; ഇവർക്ക് ആവശ്യമായ ചന്ദനത്തടി നൽകി വരുന്നുണ്ടോ ;

(ബി) ഇവർക്ക് ചന്ദനത്തടി ലഭിക്കാത്തതുകൊണ്ട് കുമ്പിൾതടിയിൽ ചെയ്യുന്ന ശില്പങ്ങൾക്ക് വളരെ കുറഞ്ഞ വിലയാണോ കിട്ടി വരുന്നത്; അംഗീകൃത ശില്പികൾക്ക് ചന്ദനം വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ?